പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*221 19.3.2015 ലെ മറുപടിയ്ക്ക്

## വിസ ഓൺ അറൈവൽ സംവിധാനം

| | | | |
|---|---|---|---|
| ചോദ്യം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | എ) | ഉണ്ട്. ഇന്ത്യാ ഗവൺമെന്റാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇപ്പോൾ ഇത് ടൂറിസ്റ്റ് വിസ ഓൺ അറൈവൽ (TVoA) എന്ന പേരിൽ അറിയപ്പെടുന്നു.<br>ജർമ്മനി, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലാന്റ്, നോർവേ, റഷ്യ, യു.എ.ഇ., തുടങ്ങി 44 രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെത്തിലെത്തുന്ന സഞ്ചാരികൾക്ക് രാജ്യത്തെ 9 വിമാനത്താവളങ്ങളിൽ നിന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ടൂറിസ്റ്റ് വിസ ലഭ്യമാകുന്നു എന്നതാണ് 'വിസ ഓൺ അറൈവൽ' സംവിധാനം. കേരളത്തിൽ ഇത് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ഹ്രസ്വകാലയളവിലേക്കുള്ള ചികിത്സാ / ബിസിനസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന വിദേശികൾക്കാണ് ഈ സൌകര്യം ലഭിക്കുക. ഇത് ആത്യന്തികമായി രാജ്യത്തിന്റെയും ഒപ്പം കേരളത്തിന്റെയും വിനോദസഞ്ചാര മേഖലയ്ക്ക് ഗുണകരമാകും എന്നാണ് കരുതുന്നത്. കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള, മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. |
| ബി) | ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നതെന്ന് വിശദമാക്കുമോ ; | ബി) | വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാകുന്നത് വഴി 2021 ഓടെ 30 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് ആവേഗം ലഭിക്കുമെന്നാണ് കരുതുന്നത്.<br>ഇതുവരെയും അധികം കടന്നു ചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുന്നതിനും പുതിയ വിപണികളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ |

| | | | |
|---|---|---|---|
| | | | സംവിധാനം സഹായകരമാകും. ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ ഇതര മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്. ഈ സംവിധാനത്തിന്റെ സാധ്യതകൾ കൂടി കണക്കിലെടുത്താണ് 2015-16 വർഷം 'വിസിറ്റ് കേരള ഈയർ' എന്ന രീതിയിൽ വിപണനം ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ളത്. |
| സി) | പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്ന-തെന്ന്; വിശദമാക്കുമോ? | സി) | 2013 ലും 2014 ലും ജപ്പാനിലെ "ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് "(JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാന്റിലെ MATKA-ട്രാവൽ ഫെയറിലും കേരളം പങ്കെടുക്കുകയുണ്ടായി. കൂടാതെ 2014 ൽ ഫിൻലാന്റിലെ ഹെൽസിങ്കിയിലും ന്യൂസിലാന്റിലെ ഓക്ക് ലാന്റിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയുണ്ടായി. 2015 ൽ ITB Berlin, MIIT Moscow, ATM Dubai എന്നീ ടൂറിസം ഫെയറുകളിലും പങ്കെടുക്കുന്നുണ്ട്. TVoA സംവിധാനത്തിലുൾപ്പെടുന്ന മേൽപ്പറഞ്ഞ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സജീവ സാന്നിദ്ധ്യം TVoA യുടെ പ്രചാരണത്തിന് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി വിജയകരമായി സംഘടിപ്പിച്ചു. 12 രാജ്യങ്ങളിൽ നിന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഫോട്ടോഗ്രാഫി, പാചകം, ചരിത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിൽ താൽപര്യമുള്ള വ്യത്യസ്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ഫേസ് ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ വോട്ടെടുപ്പ് വഴി 9 വിജയികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് കേരളം കാണുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. കം ടു കേരള പ്രോഗ്രാമിലൂടെ ലക്ഷക്കണക്കിന് ജനങ്ങളിൽ TVoA സംവിധാനത്തിന്റെ പ്രചാരണം നൽകുന്നതിന് സാധിച്ചു. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ TVoA സംവിധാനത്തിന്റെ മുഴുവൻ വിശദാംശങ്ങളും നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ